# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജനുവരി 14<br>January 14 | 2019 |
|---|---|

***1193 ധനു 30 തിങ്കൾ***

# പത്രക്കുറിപ്പ് -1

**www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657**

### തൊഴിൽ പരിശീലനം

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കുടുംബശ്രീയിലൂടെ നടപ്പാക്കുന്ന ഡിഡിയു ജെകെവൈ പദ്ധതിപ്രകാരം യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകും. മൂന്ന് മാസത്തെ പരിശീലനത്തിന് 18നും 30നും മധ്യേ പ്രായമുള്ളവർക്ക് പങ്കെടുക്കാം. ഇതിലേക്ക് ഫെബ്രുവരി 18ന് രാവിലെ 10ന് പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ തെരഞ്ഞെടുപ്പ് നടക്കും.

ബിസിനസ് ബാങ്കിംഗ് ആൻഡ് കറസ്പോ ന്റ്, കസ്റ്റമർ ആൻഡ് റിലേഷൻ സർവീസസ്, കൊറിയർ ആൻഡ് ലോജിസ്റ്റിക്സ്, നഴ്സിംഗ് കെയർ അസിസ്റ്റന്റ്, ഫാർമസി അസിസ്റ്റന്റ്, കസ്റ്റമർ കെയർ എക്സിക്യൂട്ടീവ് എന്നീ കോഴ്സുകളിലാണ് പരിശീലനം നൽകുന്നത്. കൂടുതൽ വിവരത്തിന് 9496368250, 9847564339 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടണം. (പിഎൻപി 126/19)

### ഭരണഘടനസാക്ഷരത സന്ദേശയാത്ര

സംസ്ഥാന നിയമസഭയും സംസ്ഥാന സാക്ഷരതാ മിഷനും സംയുക്തമായി മഞ്ചേശ്വരം മുതൽ തിരുവനന്തപുരം വരെ നടത്തുന്ന ഭരണഘടനസാക്ഷരത സന്ദേശയാത്ര 22ന് വൈകിട്ട് ജില്ലയിലെത്തും. തിരുവല്ലയിൽ 23ന് രാവിലെ 9.30നും പന്തളത്ത് 11.30നും യാത്രയ്ക്ക് സ്വീകരണം നൽകും.

പരിപാടിയുടെ ജില്ലാതല സംഘാടക സമിതി രൂപീകരണയോഗം 17ന് ഉച്ചയ്ക്ക് ര 1ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവിയുടെ അധ്യക്ഷതയിൽ പ്രസിഡന്റിന്റെ

Sample output to test PDF Combine only

ചേംബറിൽ ചേരുമെന്ന് സാക്ഷരതാമിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ഡോ.വി.വി.മാത്യു അറിയിച്ചു. (പിഎൻപി 127/19)

## സർട്ടിഫിക്കറ്റ് പരിശോധന

2018 ഒക്ടോബർ മാസം നടത്തിയ കെ-ടെറ്റ് പരീക്ഷയിൽ വിജയിച്ച പത്തനംതിട്ട വിദ്യാഭ്യാസ ജില്ലയിലെ കാറ്റഗറി 1,2,3,4 വിഭാഗം ഉദ്യോഗാർഥികളുടെ സർട്ടിഫിക്കറ്റ് പരിശോധന നാളെയും (16) 17നും രാവിലെ 10.30 മുതൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നടത്തും. ഉദ്യോഗാർഥികൾ സർട്ടിഫിക്കറ്റിന്റെ അസൽ, കോപ്പി എന്നിവ സഹിതം ഹാജരാകണമെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചു. (പിഎൻപി 128/19)

## ശിശുക്ഷേമ സമിതി ശിശുസംരക്ഷണ കേന്ദ്രം തണലിന്റെ ഉദ്ഘാടനം ഇന്ന് (15)

ശിശുക്ഷേമ സമിതിയുടെ ശിശുസംരക്ഷണ കേന്ദ്രം തണൽ-കുട്ടികളുടെ അഭയകേന്ദ്രത്തിന്റെ ഉദ്ഘാടനം ഇന്ന് (15) രാവിലെ 11ന് ഓമല്ലൂർ ഐമാലിയിൽ സഹകരണ, ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ നിർവഹിക്കും.

വീണാജോർജ് എംഎൽഎ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ജില്ലാ കളക്ടർ പി.ബി.നൂഹ് മുഖ്യപ്രഭാഷണം നടത്തും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, കെഎസ്എഫ്ഇ ചെയർമാൻ ഫിലിപ്പോസ് തോമസ്, ഓമല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഗീതാവിജയൻ, ജില്ലാ പഞ്ചായത്തംഗം ലീലാ മോഹൻ, സംസ്ഥാന ശിശുക്ഷേമ സമിതി ജനറൽ സെക്രട്ടറി അഡ്വ.എസ്.പി.ദീപക്, ജില്ലാ ചൈൽഡ് വെൽഫെയർകമ്മിറ്റി ചെയർപേഴ്സൺ സൂസൻ മാത്യു, ജില്ലാ സാമൂഹ്യനീതി ഓഫീസർ എൽ.ഷീബ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എ.എൽ. ഷീജ, ശിശുക്ഷേമ സമിതി ഭാരവാഹികൾ, തദ്ദേശഭരണ ഭാരവാഹികൾ, രാഷ്ട്രീയകക്ഷി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും. (പിഎൻപി 129/19)

## പരാതികൾ സ്വീകരിക്കും

കോട്ടയം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ തീർപ്പാക്കാത്ത ഫയലുകൾ തീർപ്പാക്കുന്നതിന് ഫയൽ അദാലത്ത് സംഘടിപ്പിക്കുന്നു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഫെബ്രുവരി മാസത്തിൽ നടത്തുന്ന അദാലത്തിലേക്ക് ജനുവരി 15 നകം പരാതികൾ നൽകാവുന്നതാണ്. പരാതികൾ ഡെപ്യൂട്ടി ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, വയസ്കരക്കുന്ന് പി.ഒ കോട്ടയം -686001 എന്ന വിലാസത്തിൽ അയക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 2563317. (പിഎൻപി 130/18)

## മത്സരപരീക്ഷാ പരിശീലനം

ജില്ലയിലെ പട്ടികജാതി ഉദ്യോഗാർഥികൾക്കായി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ആഭിമുഖ്യത്തിൽ 50 ദിവസത്തെ മത്സരപരീക്ഷാ പരിശീലനം നടത്തും. മുമ്പ് ഇത്തരം പരിശീലനത്തിൽ പങ്കെടുക്കാത്തവർക്ക് പങ്കെടുക്കാം. താത്പര്യമുള്ളവർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യണം. പങ്കെടുക്കുന്നവർക്ക് സ്റ്റൈപ്പന്റും പഠനോപകരണങ്ങളും നൽകും. ഫോൺ: 9497639019. (പിഎൻപി 131/19)

## ലേലം

അടൂർ താലൂക്കിൽ അങ്ങാടിക്കൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 23ൽ റീസർവെ 173/16ൽപ്പെട്ട 10.34 ആർ പുരയിടം ഈ മാസം 25ന് രാവിലെ 11ന് വില്ലേജ് ഓഫീസിൽ ലേലം ചെയ്യും. ഫോൺ: 8547611215. (പിഎൻപി 132/19)

Sample output to test PDF Combine only

## ലിഫ്റ്റ് ഇറക്ടർ കോഴ്സ്

കുഴൽമന്ദം ഗവൺമെന്റ് ഐടിഐയിൽ ആരംഭിക്കുന്ന ലിഫ്റ്റ് ഇറക്ടർ കോഴ്സിലേക്ക് അപേക്ഷിക്കാം. മൂന്ന് മാസമാണ് കോഴ്സിന്റെ കാലാവധി. പ്ലസ്ടു യോഗ്യതയുള്ള, 18 വയസ് പൂർത്തിയായവർക്ക് അപേക്ഷിക്കാം. ഫോൺ:049 22273888, 9446360105.

(പിഎൻപി 133/19)

## പ്രത്യേക പത്രക്കുറിപ്പ്

## ഇന്ന് (15) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ ഇന്ന് (15) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: അൽഫെയർ മെഡിക്കൽസ് പത്തനംതിട്ട, ഗുഡ് ലൈഫ് മെഡിക്കൽസ് കോന്നി, എംജി മെഡിക്കൽസ് കോഴഞ്ചേരി, എസ്എൻ ആശ്വാസം മെഡിക്കൽസ് അടൂർ, എസ്.കെ മെഡിക്കൽസ് പന്തളം, ഭഗവത് മെഡിക്കൽസ് തിരുവല്ല, നീതി മെഡിക്കൽ സ്റ്റോർ പഴവങ്ങാടി, ചെറിയത്ത് മെഡിക്കൽസ് കുമ്പളാംപൊയ്ക.

(പ്രത്യേക പത്രക്കുറിപ്പ് 10/19)

## നാളെ (16) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ നാളെ (16) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: മെഡിക് ഹെൽത്ത്കെയർ പത്തനംതിട്ട, നീതി മെഡിക്കൽ സ്റ്റോർ കോന്നി, ജിനി മെഡിക്കൽസ് മാരാമൺ കോഴഞ്ചേരി, നീതി മെഡിക്കൽ സ്റ്റോർ അടൂർ, സെന്റ്മേരീസ് മെഡിക്കൽസ് പന്തളം, ജോസ് ആൻഡ് സൺസ് മെഡിക്കൽസ് തിരുവല്ല, ക്നാനായ മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ റാന്നി, താഴത്തില്ലത്ത് മെഡിക്കൽസ് വടശേരിക്കര.

(പ്രത്യേക പത്രക്കുറിപ്പ് 11/19)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

Sample output to test PDF Combine only

**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| **ജനുവരി 14**<br>**January 14** | **2019** |

***1193 ധനു 30 തിങ്കൾ***

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**തീർത്ഥാടകരെ സേഫാക്കി സേഫ്സോൺ പദ്ധതി**

ശബരിമലയിലേക്ക് എത്തിയ തീർത്ഥാടകർക്ക് സുരക്ഷിത യാത്രയൊരുക്കാൻ കഴിഞ്ഞ ചാരിതാർഥ്യത്തിലാണ് മോട്ടോർ വാഹന വകുപ്പ് അധികൃതർ. കൃത്യതയും വ്യക്തതയും സമന്വയിപ്പിച്ച് സുരക്ഷാ ക്രമീകരണങ്ങളും പരിശോധനകളും ബോധവൽക്കരണവും നൽകിയതിലൂടെ മുൻവർഷത്തേക്കാൾ അപകടങ്ങളുടെ തോത് തുറയ്ക്കാൻ സേഫ് സോൺ പദ്ധതിയിലൂടെ കഴിഞ്ഞു. ഇലവുങ്കൽ കേന്ദ്രീകരിച്ച് മെയിൻ കൺട്രോൾ റൂമും, എരുമേലി, കുട്ടിക്കാനം എന്നിവിടങ്ങളിൽ സബ് കൺട്രോൾ ഓഫീസുകളും സജ്ജമാക്കി 400 കിലോമീറ്റർ ചുറ്റളവാണ് വകുപ്പ് സേഫ്സോൺ ആയി ക്രമീകരിച്ചത്. പത്തനംതിട്ട-പമ്പ, പമ്പ- എരുമേലി, കൊരട്ടി- 26-ാം മൈൽ, എരുമേലി-പുലിക്കുന്ന് മു ക്കയം, എരുമേലി-വിഴിക്കിതോട്, കോട്ടയം-കുമളി, സത്രം-വ 1പെരിയാർ, കട്ടപ്പന-കമ്പംമേട്, കട്ടപ്പന- കുട്ടിക്കാനം, കട്ടപ്പന- കുമളി എന്നിവിടങ്ങളിലായി 15 പട്രോളിംഗ് ടീമുകളെ ഇക്കാലയളവിൽ വിന്യസിച്ചു.

മകരവിളക്ക് ഉത്സവം പ്രമാണിച്ച് അമ്പതോളം പ്രത്യേക സ്ക്വാഡുകളെയും നിയോഗിച്ചിരുന്നു. കൂടാതെ ളാഹ, വലിയവളവ്, കണമല ഇറക്കം എന്നീ ബ്ലാക്ക് സ് പോട്ടുകളിൽ പോയിന്റ് ഡ്യൂട്ടി ഉദ്യോഗസ്ഥരെയും ചുമതലപ്പെടുത്തിയിരുന്നു. സേഫ്സോൺ പാതകളിൽ ഹെൽപ്പ്ലൈൻ നമ്പരോട് കൂടിയ 350 ഓളം ദിശാസൂചക ബോർഡുകളും ട്രാഫിക് മുന്നറിയിപ്പ് ബോർഡുകളും സ്ഥാപിച്ചത് തീർത്ഥാടകർക്ക് സഹായകരമായി. ബ്രേക്ക് ഡൗൺ അസിസ്റ്റൻസ്, റിക്കവറി വാഹനങ്ങളുടെ സേവനം എന്നിവ കൂടാതെ 24

Sample output to test PDF Combine only

മണിക്കൂറും ആംബുലൻസ് സർവീസും ലഭ്യമാക്കിയിരുന്നു. ബ്രേക്ക്ഡൗൺ ആകുന്ന വാഹനങ്ങൾ ശരിയാക്കുന്നതിനായി ലൈലാന്റ്, റ്റാറ്റാ, മാരുതി, ഫോഴ്സ്, ഫോർഡ്, ടൊയോട്ട, മഹീന്ദ്ര തുടങ്ങിയ 25 ഓളം മോട്ടോർ വാഹന കമ്പനികളുടെ ഇരുന്നൂറോളം മെക്കാനിക്കുകളെ മതിയായ ബ്രേക്ക് ഡൗൺ വാഹനങ്ങളോടു കൂടി സേവനത്തിനായി ക്രമീകരിച്ചിരുന്നു.

2014 മുതലാണ് ശബരിമല തീർത്ഥാടന കാലയളവിൽ വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ സേഫ് സോൺ പദ്ധതി നടപ്പാക്കാൻ തുടങ്ങിയത്. ഈ തീർത്ഥാടന കാലയളവിൽ സേഫ് സോൺ പാതകളിൽ പെട്രോളിങ് സംഘം 2,70,000 കിലോമീറ്റർ പെട്രോളിങ് ഇതുവരെ പൂർത്തിയാക്കി. 4850 ഓളം വാഹനങ്ങൾ സേഫ് സോൺ പാതയിൽ ഇതുവരെ ബ്രേക്ക് ഡൗൺ ആയി. പാർക്കിംഗ് ഗ്രൗ ുകളിൽ ഒന്നായ നിലയ്ക്കലിൽ മാത്രം 2400 വാഹനങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചു. സേഫ് സോൺ പാതയിൽ 128 അപകടങ്ങൾ സംഭവിച്ചു. 167 തീർത്ഥാടകർക്ക് പരിക്ക്പറ്റി വിവിധ ആശുപത്രികളിൽ ചികിത്സ തേടി. കൃത്യസമയത്ത് പട്രോളിങ് സംഘത്തിന്റെ സേവനത്തിലൂടെ മരണനിരക്ക് കുറയ്ക്കുന്നതിന് സാധിച്ചു. ഇതുവരെ റോഡ് അപകടങ്ങളിൽ മൂന്ന് മരണമാണ് ഉ ായത്.

പട്രോളിംഗ് വാഹനങ്ങളിൽ ജിപിഎസ് സംവിധാനം ഘടിപ്പിച്ച് പട്രോളിംഗ് സംവിധാനം കാര്യക്ഷമമാക്കിയത് പ്രവർത്തനങ്ങൾ വേഗത്തിലാക്കി. കൂടാതെ ഡ്രൈവർമാർ വാഹനമോടിക്കുമ്പോൾ ഉറങ്ങാതിരിക്കുന്നതിനായി ചുക്കുകാപ്പി വിതരണവും നടത്തി. നിലയ്ക്കൽ പാർക്കിംഗ് ഗ്രൗ ിൽ മലയാളം, തമിഴ്, തെലുങ്ക്, കന്നട, ഹിന്ദി എന്നീ ഭാഷകളിൽ പെട്രോളിങ് വാഹനങ്ങളിൽ തീർത്ഥാടകർക്കായി വിവിധ നിർദേശങ്ങൾ നൽകുകയും ചെയ്തു. ശബരിമലയിലെ സേഫ്സോൺ പദ്ധതി മാതൃകയാക്കി സംസ്ഥാനത്ത് സേഫ്കേരള പദ്ധതി നടപ്പാക്കുമെന്ന് ഗതാഗതവകുപ്പ് മന്ത്രി എ.കെ ശശീന്ദ്രൻ അറിയിച്ചിട്ടു ്. ഈ മാസം 20 വരെയാണ് ശബരിമല സേഫ് സോൺ പദ്ധതി തുടരുക. ഓരോ നിമിഷവും അതീവ ജാഗ്രതയോടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചതിലൂടെ മോട്ടോർ വാഹന വകുപ്പ് കാത്തുരക്ഷിച്ചത് ഓരോ തീർത്ഥാടകന്റെയും ജീവൻ കൂടിയാണ്.
തീർഥാടനകാലത്ത് രാപകലന്യേയുള്ള കൂട്ടായ പ്രവർത്തനം മോട്ടോർ വാഹന വകുപ്പിന്റെ തൊപ്പിയിലെ പൊൻതൂവലാണ്. (പിഎൻപി 134/19)

## വനിതാ കമ്മീഷൻ അദാലത്ത് ഇന്ന്(15)

വനിതാ കമ്മീഷൻ അദാലത്ത് ഇന്ന്(15) രാവിലെ 10.30ന് പത്തനംതിട്ട കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കും. (പിഎൻപി 135/18)

## തൊഴിലുറപ്പുപദ്ധതി :ലേബർ ബഡ്ജറ്റിന് ജില്ലാ പഞ്ചായത്തിന്റെ അംഗീകാരം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ജില്ലയുടെ 2019-20 വർഷത്തേക്കുള്ള ലേബർ ബഡ്ജറ്റിന് ജില്ലാപഞ്ചായത്ത് അംഗീകാരം നൽകി. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ ചുമതല വഹിക്കുന്ന അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മിഷണർ കെ.ഇ.വിനോദ്കുമാർ വിശദമായ പദ്ധതി വിവരങ്ങൾ അവതരിപ്പിച്ചു. ജില്ലയിലെ 53 ഗ്രാമപഞ്ചായത്തുകളും അയൽക്കൂട്ട യോഗങ്ങൾ ചേർന്ന് രൂപീകരിച്ച പദ്ധതി ഗ്രാമസഭകൾ, ഗ്രാമപഞ്ചായത്ത് ഭരണസമിതി എന്നിവയുടെ അംഗീകാരത്തോടെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് സമർപ്പിക്കുകയും ബ്ലോക്ക് ഭരണസമിതി തീരുമാനത്തോടൊപ്പം ലഭ്യമാക്കുകയും ചെയ്തു. ജില്ലാതലത്തിൽ ഏകദിന സൂക്ഷ്മ പരിശോധനക്ക് ശേഷം പദ്ധതിയുടെ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ കൂടിയായ ജില്ലാ കളക്ടറുടെ

Sample output to test PDF Combine only

അംഗീകാരത്തോടെയാണ് ജില്ലാപഞ്ചായത്തിന്റെ അംഗീകാരത്തിന് സമർപ്പിച്ചത്.

**ലക്ഷ്യം 35 ലക്ഷത്തിലധികം തൊഴിൽദിനങ്ങൾ**

അടുത്ത സാമ്പത്തിക വർഷം ജില്ല ലക്ഷ്യം വെക്കുന്നത് 35,71,143 തൊഴിൽ ദിനങ്ങളാണ്. തൊഴിലുറപ്പുപദ്ധതിയിൽ സജീവമായ 56021 കുടുംബങ്ങളിലൂടെയാണ് ഈലക്ഷ്യം കൈവരിക്കാൻ ഉദ്ദേശിക്കുന്നത്. ഓരോ കുടുംബത്തിനും ശരാശരി 64 തൊഴിൽ ദിനങ്ങൾ നൽകുന്നതിനും 19410 കുടുംബങ്ങൾക്ക് 150 തൊഴിൽ ദിനങ്ങൾ നൽകാനും ഉദ്ദേശിക്കുന്നു. ആകെ പ്രതീക്ഷിത ചെലവ് 161.29 കോടി രൂപയാണ്. ഇതിൽ 96.77 കോടി രൂപ അവിദഗ്ധ തൊഴിൽ വേതനം എന്നനിലയിലും 64.51 കോടി രൂപ വിദഗ്ധ തൊഴിൽ വേതനം, സാധനസാമഗ്രികളുടെ വാങ്ങൽ എന്ന നിലയിലും ഉൾപ്പെടുത്തിയിരിക്കുന്നു. ആകെ 19874 പ്രവർത്തികളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഏറ്റവും കൂടുതൽ തൊഴിൽ ദിനങ്ങൾ നിർദേശിച്ചിട്ടുള്ളത് പറക്കോട്, റാന്നി ,കോന്നി ബ്ലോക്കുകളാണ്.

**ദുരന്തനിവാരണം മുതൽ ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ വരെ...**

പ്രളയബാധിത ജില്ലയെന്ന നിലയിൽ ദുരന്ത നിവാരണത്തിന് പ്രാധാന്യം കൊടുത്തുകൊ ും ഗ്രാമീണ അടിസ്ഥാന മേഖലയിൽ ആസ്തികൾ പുനർസൃഷ്ടിച്ചുകൊ ് സമഗ്രവികസനത്തിനുതകുന്ന ബൃഹത്പദ്ധതികളാണ് ലേബർ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് ജില്ലപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പുറത്തിറക്കിയിട്ടുള്ള വിവിധ മാർഗരേഖകളുടെ അടിസ്ഥാനത്തിൽ പ്രകൃതിവിഭവപരിപാലനം, സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗതാനുകൂല്യങ്ങൾ, ദേശീയഗ്രാമീണ ഉപജീവനമിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയം സഹായ സംഘങ്ങൾക്കുള്ള പൊതുഅടിസ്ഥാനസൗകര്യങ്ങൾ, ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുത്തിയാണ് പ്രവർത്തികൾക്കാവശ്യമായ ഷെൽഫ് ഓഫ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി നീർത്തട പരിപാലന പ്രവർത്തികൾ, കുടിവെള്ള സ്രോതസ്സുകളുടെ ഭൂഗർഭജലവിതാനം ഉയർത്തുന്നതിനുള്ള വിവിധ തടയണകൾ, കുളങ്ങളുടെയും ജലസ്രോതസ്സുകളുടെയും ആഴം കൂട്ടൽ, കനാലുകളുടെ പുനരുദ്ധാരണം, ഫലവൃക്ഷങ്ങൾ വെച്ച് പിടിപ്പിക്കൽ, പ്ലാന്റേഷൻ പ്രവർത്തികൾ എന്നിവ ഉൾപ്പെട്ടിട്ടു ്. വ്യക്തിഗതാനുകൂല്യങ്ങൾ എന്ന നിലയിൽ ഭവന നിർമാണത്തിന് അവിദഗ്ധ തൊഴിൽ, ആട്ടിൻകൂട്, കോഴിക്കൂട്, തൊഴുത്ത്, പന്നിക്കൂട് എന്നിവയുടെ നിർമാണം, മത്സ്യം വളർത്തുന്നതിനുള്ള സൗകര്യങ്ങൾ, കിണർ-കുളങ്ങളുടെ നിർമ്മാണം തുടങ്ങിയവയും വിവിധ വകുപ്പുകളുടെ സംയോജന സാധ്യതയോടെ ഏറ്റെടുത്തിട്ടു ്. കൂടാതെ പ്രളയസാധ്യത മുൻകൂട്ടിക്ക ുകൊ ് വെള്ളപ്പൊക്ക നിയന്ത്രണത്തിനുള്ള ജലനിർഗമന പ്രവർത്തികൾ, കൊടുങ്കാറ്റു ബാധിതർക്കുള്ള സൈക്ലോൺ ഷെൽട്ടർ തുടങ്ങിയവയും ലേബർ ബഡ്ജറ്റിന്റെ ഭാഗമാക്കിയിട്ടു ്. ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ എന്ന നിലയിൽ അങ്കണവാടികൾ, ശൗചാലയങ്ങൾ, ചന്തകൾക്കാവശ്യമായ കെട്ടിടങ്ങൾ, ക്രിമറ്റോറിയങ്ങൾ, റോഡുകൾ, കലുങ്കുകൾ, ഓടകൾ നിർമ്മാണ സാമഗ്രികളുടെ ഉൽപാദനം, തൊഴിലുറപ്പു പദ്ധതിയിൽ നിർമിച്ച ആസ്തികളുടെ അറ്റകുറ്റപ്പണികൾ എന്നിവയും ഉൾപ്പെട്ടിട്ടു ്.

(പിഎൻപി 136/19)

## ശബരിമല തീർഥാടനം വൻവിജയമായതിന്റെ ചാരിതാർഥ്യത്തിൽ ജില്ലാ ഭരണകൂടം

പ്രതിസന്ധികൾക്കിടയിലും സുരക്ഷയും അടിസ്ഥാന സൗകര്യങ്ങളുമുൾപ്പെടെ മികച്ച സേവനങ്ങൾ ശബരിമല തീർഥാടകർക്കായി ഒരുക്കാൻ കഴിഞ്ഞതിന്റെ സന്തോഷത്തിലാണ് ജില്ലാ കളക്ടർ പി.ബി നൂഹും ജില്ലാ പൊലീസ് മേധാവി ടി.നാരായണനും ശബരിമല

Sample output to test PDF Combine only

എ.ഡി.എം വി.ആർ പ്രേംകുമാറും. വിവിധ വകുപ്പുകളുമായി കൈകോർത്ത് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചാണ് സമയബന്ധിതമായി ജില്ലാ ഭരണകൂടം ശബരിമല തീർഥാടനത്തെ മികച്ചതാക്കി മാറ്റിയത്. തീർഥാടനത്തിനായി വൃശ്ചികം ഒന്നിന് നട തുറന്നത് മുതൽ ജില്ലയിലെ എല്ലാ ഇടത്താവളങ്ങളേയും പൂർണസജ്ജമാക്കാനും, ജില്ലയിലെത്തുന്ന തീർഥാടകർക്ക് വേ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കാനും ജില്ലാ കളക്ടർ പി.ബി നൂഹ് നേതൃത്വം നൽകി. പ്രളയത്തിന്റെയും ശബരിമല സ്ത്രീ പ്രവേശനഉത്തരവിനെ തുടർന്നു ായ സംഘർഷങ്ങളുടേയും പശ്ചാത്തലത്തിൽ ഏറെ പ്രതിസന്ധികളെ മറികടന്നാണ് ജില്ലാ ഭരണകൂടം സുരക്ഷിതമായ തീർഥാടനമൊരുക്കിയത്. പ്രളയത്തിൽ പമ്പയിലെ അടിസ്ഥാന സൗകര്യങ്ങൾ തകർന്ന സാഹചര്യമു ായിരുന്നതിനാൽ തീർഥാടകർക്ക് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം ഏർപ്പെടുത്തേ ി വന്നാൽ അവർക്ക് ഇടത്താവളങ്ങളിൽ താമസസൗകര്യമൊരുക്കാനും അതിനായി സജ്ജീകരണങ്ങൾ ഏർപ്പെടുത്തുവാനും തദ്ദേശഭരണ സ്ഥാപനങ്ങളെ ആദ്യഘട്ടത്തിൽ സജ്ജമാക്കി. ഇതിനായി തദ്ദേശഭരണ സ്ഥാപനങ്ങളുടേയും ദേവസ്വം ബോർഡിന്റേയും ഉടമസ്ഥതയിലുള്ള എല്ലാ ഇടത്താവളങ്ങളിലും വൃശ്ചികം ഒന്നിന് മുമ്പ് തന്നെ സജ്ജീകരണങ്ങൾ ഏർപ്പെടുത്തി. കൂടാതെ, പത്തനംതിട്ട നഗരസഭയുടെതുൾപ്പെടെ ജില്ലയിലെ വിവിധ ശബരിമല ഇടത്താവളത്തിൽ വിരി വയ്ക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തി.

പമ്പ, നിലയ്ക്കൽ, സന്നിധാനം എന്നിവിടങ്ങളിൽ റവന്യു വകുപ്പിന്റെ എമർജൻസി ഓപ്പറേഷൻ സെന്ററുകൾ തീർഥാടക സഹായകേന്ദ്രങ്ങളായി പ്രവർത്തിച്ചു. ഭക്ഷണം, കുടിവെള്ളം, ബസ് സൗകര്യം തുടങ്ങി എല്ലാവിധത്തിലുള്ള ബുദ്ധിമുട്ടുകൾക്കും ഉടനടി പരിഹാരമേകി തീർഥാടകസൗഹൃദകേന്ദ്രമായി എമർജൻസി ഓപ്പറേഷൻ സെന്ററുകൾ പ്രവർത്തിച്ചു. വിവിധ വകുപ്പുകളുടെ ഏകോപനത്തിനായി ഡെപ്യൂട്ടി കളക്ടർമാരുടെ ചുമതലയിൽ 24 മണിക്കൂറും ഇഒസികളുടെ പ്രവർത്തനം ഉറപ്പ് വരുത്തി. പരാതിപരിഹരിക്കേ വകുപ്പുമായി ഇഒസിയിലെ ഉദ്യാഗസ്ഥർ ബന്ധപ്പെട്ട് ഉടൻ പരിഹാരം ക ത്തി പ്രശ്നം പരിഹരിച്ചു. പരാതികളുടെ പരിഹാരം ഓൺലൈനായി ജില്ലാ കളക്ടർ ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥർക്ക് പരിശോധിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിരുന്നു. ദുരന്തനിവാരണമാണ് ഇഒസികളുടെ പ്രധാന ചുമതലയെങ്കിലും തീർഥാടകർക്ക് സഹായകരമായ രീതിയിലുള്ള എല്ലാ കാര്യങ്ങളും ഏറ്റെടുത്ത് നടത്തുന്ന രീതിയിലായിരുന്നു ഇവയുടെ പ്രവർത്തനം. അടിയന്തര സാഹചര്യങ്ങളെ നേരിടുന്നതിനും, വകുപ്പുകളുടെ ഏകോപനം നിയന്ത്രിക്കുന്നതിനുമായി ശബരിമലയിൽ പ്രവർത്തിച്ച എമർജൻസി ഓപ്പറേഷൻ സെന്ററുകളുടെ ഇ.ഒ.സി പ്രവർത്തനം വൻ വിജയമാണ് കൈവരിച്ചത്. മുൻവർഷങ്ങളേതിനെ അപേക്ഷിച്ച് ഇത്തവണയാണ് ഇത്രയും വിപുലമായ പ്രവർത്തനങ്ങളുമായി എമർജൻസി ഓപ്പറേഷൻ സെന്ററുകൾ തീർഥാടനത്തിന് മുഖ്യപങ്ക് വഹിച്ചത്. മുൻപ്, ഡ്യൂട്ടി മജിസ്ട്രേറ്റിന്റെ ചുമതലയിലായിരുന്നു സന്നിധാനത്തെ വിവിധ വകുപ്പുകളുടെ ഏകോപനമെങ്കിൽ ഇത്തവണ അത് ജില്ലാ കളക്ടർ പി.ബി നൂഹിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൻ കീഴിലായിരുന്നു.

ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാന സർക്കാരിന്റേയും ദേവസ്വം ബോർഡിന്റേയും ജില്ലാതലത്തിലുള്ള ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി പ്രത്യേക വാട്സ്അപ് ഗ്രൂപ്പ് ഉ ാക്കി വിവരങ്ങൾ അപ്പപ്പോൾ കൈമാറി. ഫീൽഡിൽ നടക്കുന്ന കാര്യങ്ങൾ സംബന്ധിച്ച് ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ വിവരങ്ങൾ വാട്സ്ആപ് ഗ്രൂപ്പിൽ അറിയിച്ചുകൊ യിരുന്നു. ഇതിലൂടെ ഉന്നത ഉദ്യോഗസ്ഥർക്ക് അടിയന്തര ഇടപെടൽ ആവശ്യമായ വിവരങ്ങൾ അറിയാനും സത്വര നടപടികൾ സ്വീകരിക്കാനും കഴിഞ്ഞു. ശുചീകരണപ്രവർത്തനങ്ങൾക്കായി 1000 വിശുദ്ധിസേനാംഗങ്ങളെ ജില്ലാ കളക്ടറുടെ

Sample output to test PDF Combine only

നേതൃത്വത്തിൽ അടൂർ ആർ.ഡി.ഒ എം.എ റഹീമിന്റെ മേൽനോട്ടത്തിൽ ശബരിമല സാനിട്ടേഷൻ സൊസൈറ്റി തമിഴ്നാട് അയ്യപ്പസേവാസംഘത്തിന്റെ ചുമതലയിൽ എത്തിച്ചിരുന്നു. തീർഥാടനകാലത്ത് ശബരിമല പൂങ്കാവനത്തിലെ മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ നീക്കം ചെയ്ത് ശുചിത്വത്തോടെ സംരക്ഷിച്ചത് വിശുദ്ധിസേനാംഗങ്ങളാണ്. ളാഹ മുതൽ പമ്പ വരെയുള്ള വനപാതയിലെ ശുചീകരണത്തിനായി ഇക്കോ ഗാർഡുകളെ വനംവകുപ്പ് നിയോഗിച്ചിരുന്നു.

ജില്ലാ പൊലീസ് മേധാവി ടി.നാരായണന്റെ നേതൃത്വത്തിൽ ജില്ലയിലുടനീളം കനത്ത സുരക്ഷയാണ് തീർത്ഥാടനകാലത്ത് ഒരുക്കിയിരുന്നത്. ശബരിമലയിൽ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി ഫേസ് ഡിറ്റക്റ്ററും, മെറ്റൽ ഡിറ്റക്റ്ററും സ്ഥാപിച്ചിരുന്നു. തീർഥാടകർക്ക് കനത്ത സുരക്ഷ നൽകിയതിനൊപ്പം പതിനെട്ടാം പടി കയറുന്നതിനുൾപ്പെടെ തീർഥാടകർക്ക് സഹായമായി പൊലീസ് സേനാംഗങ്ങളു ായിരുന്നു.

മകരജ്യോതി വ്യൂ പോയിന്റുകളായ അട്ടത്തോട്, നെല്ലിമല, അയ്യൻമല, പഞ്ഞിപ്പാറ, ഇലവുങ്കൽ, അട്ടത്തോട്, പടിഞ്ഞാറേക്കര കോളനി എന്നിവിടങ്ങളിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുദ്യോഗസ്ഥരെ ഉൾപ്പെടുത്തി സുരക്ഷാ പരിശോധന നടത്തുകയും അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിരുന്നു. വ്യൂ പോയിന്റുകളിൽ ആംബുലൻസ്, പ്രഥമശുശ്രൂഷ, അസ്ക ലൈറ്റ്, അയ്യപ്പസേവാസംഘം വോളന്റിയർമാർ എന്നിവരേയും ക്രമീകരിച്ചിരുന്നു. തിരുവാഭരണഘോഷയാത്രയെ അനുഗമിക്കുന്നതിലേക്കായി വനംവകുപ്പ്, പൊലീസ്, അഗ്നിശമന സേന, റവന്യു വകുപ്പിലെ ഉദ്യോഗസ്ഥർ അടങ്ങുന്ന സംഘത്തേയും നിയോഗിച്ചിരുന്നു. വ്യൂ പോയിന്റുകളിൽ ഡെപ്യൂട്ടി തഹസിൽദാർമാരുടെ നേതൃത്വത്തിൽ വിദഗ്ദ്ധപരിശീലനം ലഭിച്ച ചാർജ് ഉദ്യോഗസ്ഥരേയും നിയമിച്ചിരുന്നു.

ഹിൽടോപ്പിലെ മണ്ണിടിച്ചിൽ സാധ്യത കണക്കിലെടുത്ത് അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിന്റെ നേതൃത്വത്തിൽ സംയുക്ത സംഘം നടത്തിയ പരിശോധനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാർക്കിംഗും ദർശനത്തിനായി തീർഥാടകർ കയറുന്നതും നിരോധിച്ചിരുന്നു. പമ്പ മുതൽ സന്നിധാനം വരെയുള്ള പതിനേഴ് പോയിന്റുകളിലായി 17 അടിയന്തര വൈദ്യസഹായ കേന്ദ്രങ്ങൾ സ്ഥാപിച്ചിരുന്നു. തീർഥാടകർക്കാവശ്യമായ ഓക്സിജൻ പാർലർ, പ്രഥമശുശ്രൂഷ എന്നിവയും ഇവിടെ ഒരുക്കിയിരുന്നു. പമ്പനദിയിലെ ജലദൗർലഭ്യം കണക്കിലെടുത്ത് കനത്ത സുരക്ഷാ ക്രമീകരണങ്ങളോടെ കുള്ളാർ അണക്കെട്ടിൽ നിന്ന് 25000 മീറ്റർ ക്യൂബ് ജലം പമ്പയിലേക്ക് ഒഴുക്കിയിരുന്നു. അപകടങ്ങൾ കണക്കിലെടുത്ത് ലൈഫ് ഗാർഡുകളെ നിയോഗിക്കുകയും ബാരിക്കേഡുകൾ സ്ഥാപിക്കുകയും ചെയ്തിരുന്നു. മൂഴിയാർ, കൊച്ചുപമ്പ, എന്നിവിടങ്ങളിൽ അടിയന്തരഘട്ട ആശയവിനിമയം നടത്തുന്നതിലേക്കായി ഹാം റേഡിയോ സംവിധാനവും ഏർപ്പെടുത്തിയിരുന്നു. മകരവിളക്ക് ഉത്സവത്തിന് ശേഷം തീർഥാടകരെ വടം കെട്ടി തിരിച്ച് ഘട്ടം ഘട്ടമായി മാത്രമാണ് മടങ്ങുവാൻ അനുവദിച്ചത്. (പിഎൻപി 139/19)

## റിസർച്ച് ഫെലോ, ട്രെയിനർ ഒഴിവ്

കോന്നി സിഎഫ്ആർഡിയിൽ മൂന്ന് റിസർച്ച് ഫെലോകളെയും ര ് ട്രെയിനർമാരെയും മൂന്ന് മാസത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. ഫുഡ് ടെക്നോളജിയിലും മൈക്രോബയോളജിയിലും ബിരുദാനന്തരബിരുദമാണ് (ഫസ്റ്റ് ക്ലാസ്) യോഗ്യത. താത്പര്യമുള്ളവർ ഈ മാസം 18ന് രാവിലെ 10.30ന് സിഎഫ്ആർഡിയിൽ നടക്കുന്ന വാക്ക്-ഇൻ-ഇന്റർവ്യൂവിന് ഹാജരാകണം. ഫോൺ: 0468 2241144. (പിഎൻപി 138/19)

Sample output to test PDF Combine only

## ഇ–പോസ് ദിനാചരണം നാളെ (16)

സിവിൽ സപ്ലൈസ് വകുപ്പ് നാളെ (16) ഇ–പോസ് ദിനമായി ആചരിക്കുന്നു. ഇതിന്റെ ഭാഗമായി ഇ–പോസ് മെഷീനുകളുടെ പ്രവർത്തന രീതികളെക്കുറിച്ചും, പൊതുവിതരണ രംഗത്തെ മാറ്റങ്ങളെക്കുറിച്ചും ജനങ്ങളിൽ അവബോധം സൃഷ്ടിക്കാനായി നാളെ രാവിലെ 11ന് അടൂർ ശ്രീമൂലം മാർക്കറ്റിലുള്ള 42–ാം നമ്പർ റേഷൻ ഡിപ്പോയ്ക്ക് സമീപം വീഡിയോ പ്രദർശനം സംഘടിപ്പിച്ചിട്ടു ്. അടൂർ നഗരസഭാധ്യക്ഷ ഷൈനി ബോബി പ്രദർശനം ഉദ്ഘാടനം ചെയ്യും. (പിഎൻപി 139/19)

## പ്രതിസന്ധികളെ മറികടന്ന് മികച്ച തീർഥാടനമൊരുക്കി സർക്കാരും ദേവസ്വംബോർഡും

പ്രളയം സൃഷ്ടിച്ച പ്രതിസന്ധികളെയും സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ടു ായ സംഘർഷങ്ങളെയും മറികടന്ന് മണ്ഡലമകരവിളക്ക് തീർത്ഥാടനം മികച്ചനിലയിൽ പൂർത്തിയാക്കാൻ സംസ്ഥാന സർക്കാരിനും ദേവസ്വംബോർഡിനും കഴിഞ്ഞു. ശബരിമല തീർത്ഥാടനത്തിനായി മികച്ച സൗകര്യങ്ങളാണ് സംസ്ഥാന സർക്കാരും ദേവസ്വം ബോർഡും വിവിധ വകുപ്പുകളുമായി ചേർന്ന് ഒരുക്കിയത്. സ്വകാര്യ വാഹനങ്ങളുടെ പാർക്കിംഗ് മുതൽ അന്നദാനവും വിരിവയ്ക്കുന്നതിനുള്ള വിപുലമായ സൗകര്യങ്ങളും ടോയ്ലെറ്റ് സൗകര്യങ്ങളും ആരോഗ്യ പരിരക്ഷയും ഉൾപ്പെടെ ഏറ്റവും മികച്ച രീതിയിലൊരുക്കി, കുറ്റമറ്റതാക്കി ദേവസ്വംബോർഡും വിവിധ വകുപ്പുകളും സംസ്ഥാന സർക്കാരിനൊപ്പം കൈകോർത്തു. ജില്ലയുടെ ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ പ്രളയമായിരുന്നു കഴിഞ്ഞുപോയത്. പ്രളയത്തിൽ പമ്പയിലെ അടിസ്ഥാന സൗകര്യങ്ങളെല്ലാം പൂർണമായും തകർന്നിരുന്നു. അതുകൊ ുതന്നെ പമ്പയിൽ ബേസ് ക്യാമ്പ് ഒരുക്കുന്നതും തീർഥാടകർക്ക് വിരി വയ്ക്കാനുള്ള സൗകര്യങ്ങളൊരുക്കുന്നതുമെല്ലാം വളരെ ശ്രമകരമായ ജോലിയായിരുന്നു. ഈ വെല്ലുവിളി ഏറ്റെടുത്ത സംസ്ഥാനസർക്കാരും ദേവസ്വംബോർഡും നിലയ്ക്കൽ ബേസ് ക്യാമ്പാക്കി വികസിപ്പിച്ചാണ് ഇത്തവണ തീർഥാടനം നടത്തിയത്. പമ്പയിലു ായിരുന്ന അടിസ്ഥാന സൗകര്യങ്ങൾ ചുരുങ്ങിയ സമയത്തിനുള്ളിൽ നിലയ്ക്കലിൽ ഏർപ്പെടുത്തുക എന്ന പണിപ്പെട്ട ദൗത്യമാണ് കുറ്റമറ്റ രീതിയിൽ ദേവസ്വം ബോർഡിന്റേയും സർക്കാരിന്റേയും കൂട്ടായ ശ്രമത്തിലൂടെ വളരെ ഭംഗിയായി നിർവഹിച്ചത്.

നിലയ്ക്കലിൽ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിന്റെ പ്രധാന ചുമതല ടാറ്റ പ്രോജക്ട് ലിമിറ്റഡിനായിരുന്നു. വിരി വയ്ക്കുന്നതിനായി മൂന്ന് കൂറ്റൻ വിരി ഷെഡാണ് തീർഥാടകർക്കായി ഒരുക്കിയത്. കൂടാതെ, നിലയ്ക്കലിൽ നിലവിലു ായിരുന്ന 470 ടോയ്ലെറ്റുകൾക്ക് പുറമേ ക യ്നർ രൂപത്തിൽ ബയോ ഡൈജസ്റ്റർ സംവിധാനം ഉപയോഗിച്ചുള്ള 500 ടോയ്ലെറ്റുകൾ കൂടി ടാറ്റ പ്രോജക്ട്സ് സ്ഥാപിച്ചു. ജല അതോറിറ്റിയുടെ 300 കിയോസ്കുകളിലേക്ക് ശുദ്ധീകരിച്ച ജലം എത്തിക്കുന്നതിനായി നാല് സ്ഥലങ്ങളിൽ 25 ആർ. ഒ പ്ലാന്റുകളും സ്ഥാപിച്ചു. നിലവിലു ായിരുന്ന 50 ലക്ഷം ലിറ്റർ ജലം ശേഖരിക്കുന്ന ടാങ്കുകൾക്ക് പുറമേ 25 ലക്ഷം ലിറ്റർ ജലം സംഭരിക്കുന്നതിനായുള്ള ടാങ്കുകളും നിർമിച്ചു. അഞ്ച് ലക്ഷം ലിറ്റർ വീതം ശേഷിയുള്ള മൂന്ന് സ്റ്റീൽ ടാങ്കുകളും 5000 ലിറ്റർ ശേഷിയുള്ള പി.വി.സി ടാങ്കുകളുമാണ് ജലവിതരണത്തിനായി സ്ഥാപിച്ചത്. ഇതോടെ നിലയ്ക്കലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ സാധിച്ചു. പൊലീസുകാർക്ക് തങ്ങാനായി സ്റ്റീൽ ക യ്നർ ബാരക്കുകളും നിർമിച്ചിരുന്നു.

പ്രളയം മൂലം പമ്പയിലു ായ സ്ഥലപരിമിതി മറികടക്കാൻ തീർഥാടകരെത്തുന്ന സ്വകാര്യ വാഹനങ്ങൾ നിലയ്ക്കൽ ബേയ്സ് ക്യാമ്പ് വരെയാക്കി പരിമിതപ്പെടുത്തി. നിലയ്ക്കലിൽ എത്തുന്ന തീർഥാടകർക്കായി പമ്പയിലേക്ക് ഇടതടവില്ലാതെ കെഎസ്ആർടിസിയുടെ ചെയിൻ സർവീസ് നടത്തി. കെ.എസ്.ആർ.ടി.സിക്ക് കൂടുതൽ

Sample output to test PDF Combine only

പാർക്കിംഗിനുള്ള സംവിധാനങ്ങളും ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളും ഓൺലൈൻ ബുക്കിംഗും ഒരുക്കിയതും തീർഥാടകർക്ക് സഹായകമായി. ആരോഗ്യവകുപ്പിന്റെ കീഴിൽ സന്നിധാനം, നിലയ്ക്കൽ, പമ്പ, പെരുനാട് എന്നീ അഞ്ച് ആശുപത്രികളിലേക്ക് കൂടുതൽ ജീവനക്കാരെ നിയോഗിച്ചു. ആവശ്യത്തിന് ആംബുലൻസ് സൗകര്യവും ഏർപ്പെടുത്തി. കൂടാതെ ആശുപത്രികളിലേക്ക് ആവശ്യമുള്ള മരുന്നുകളും എത്തിച്ചിരുന്നു. നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ മുടക്കമില്ലാതെ വൈദ്യുതി ലഭ്യമാക്കാൻ കെഎസ്ഇബിക്ക് കഴിഞ്ഞു.

ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സന്നിധാനം, നിലയ്ക്കൽ, പമ്പ, പെരുനാട്, പത്തനംതിട്ട എന്നീ അഞ്ച് ആശുപത്രികളിലേക്ക് കൂടുതലായി ആവശ്യമായുള്ള ജീവനക്കാരെ വിന്യസിച്ചിരുന്നു. എല്ലാ ആശുപത്രികളിലും അധികമായി ആവശ്യമുള്ള മരുന്നുകളും, 18 ആംബുലൻസുകളും പമ്പയിലും നിലയ്ക്കലുമായി സജ്ജീകരിക്കുകയും ചെയ്തിരുന്നു. പമ്പ മുതൽ സന്നിധാനം വരെ വനപാതയിൽ മലകയറുന്ന അയ്യപ്പഭക്തന്മാർക്കായി ആരോഗ്യകേന്ദ്രങ്ങൾ പ്രവർത്തിപ്പിച്ചു. ഇവിടെ സജ്ജീകരിച്ച ഓക്സിജൻ പാർലറുകളും ജീവൻ രക്ഷാ ഉപകരണങ്ങളും തീർഥാടകർക്ക് ഏറെ സഹായകമായി. സന്നിധാനത്തുനിന്ന് അടിയന്തര ഘട്ടങ്ങളിൽ തീർഥാടകരെ പമ്പയിലെത്തിക്കുന്നതിന് ദേവസ്വം ബോർഡിന്റെയും വനം വകുപ്പിന്റെയും ഉടമസ്ഥതയിലുള്ള ര ് ഓഫ്റോഡ് ആംബുലൻസുകളും സന്നിധാനത്ത് സജ്ജമായിരുന്നു. വനം വകുപ്പിന്റ നേതൃത്വത്തിൽ കാനന പാതയിലു ായിരുന്ന അപകടകരമായ മരങ്ങൾ വൃശ്ചികമാസത്തോടെ മുറിച്ചുമാറ്റിയിരുന്നു. വന്യമൃഗ ശല്യം ഒഴിവാക്കുന്നതിനായി ഏഴ് പേർ വീതമുള്ള ര ് എലിഫന്റ് സ്ക്വാഡുകളെ പമ്പയിലും പ്ലാപ്പള്ളിയിലുമായി നിയോഗിച്ചിരുന്നു. ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് വിപുലമായ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരുന്നത്. സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നീ സ്ഥലങ്ങളിൽ പ്രത്യേക സ്ക്വാഡുകളെയും, നിലയ്ക്കലിൽ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബും സജ്ജമാക്കിയിരുന്നു.

പമ്പ, നിലയ്ക്കൽ, സന്നിധാനം എന്നിവിടങ്ങളിൽ ലഹരിവ്യാപനം തടയുന്നതിനായി എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിലുള്ള എക്സൈസ് റേഞ്ച് ഓഫീസുകളും പ്രവർത്തിച്ചു. ഈ പ്രദേശങ്ങളിൽ ലഹരി നിരോധിച്ച് ഉത്തരവിറക്കിയിരുന്നു. ഇടത്താവളങ്ങളായ പന്തളം, ആറന്മുള എന്നിവിടങ്ങളിൽ എക്സൈസിന്റെ ഔട്ട് പോസ്റ്റുകൾ സ്ഥാപിക്കുകയും, വിമുക്തി പദ്ധതിയുടെ ഭാഗമായി വിവിധ പ്രദേശങ്ങളിൽ ലഹരിവിമുക്ത സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ലഘുലേഖകളുടെ വിതരണവും നടത്തിയിരുന്നു.

നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിലായി പ്രവർത്തിച്ച അന്നദാന മണ്ഡപങ്ങളിലൂടെ സ്വാദിഷ്ടമായ മികച്ച ഭക്ഷണം സൗജന്യമായി തീർഥാടകർക്ക് വിതരണം ചെയ്യുന്നതിന് ദേവസ്വംബോർഡിന് കഴിഞ്ഞു. മല കയറിയെത്തുന്ന തീർഥാടകർക്കായി ഔഷധ കുടിവെള്ള വിതരണവും ദേവസ്വംബോർഡ് നടത്തി. ഇ ടോയ്‌ലറ്റുകൾ, കുടിവെള്ള കിയോസ്കുകൾ പൊതുടാപ്പുകൾ എന്നിവയും ദേവസ്വംബോർഡ് സജ്ജമാക്കി. അപകടങ്ങൾ ഉ ാകാതെ സുരക്ഷ ഉറപ്പാക്കുന്നതിൽ ഫയർഫോഴ്സ് മികച്ച പ്രവർത്തനമാണ് നടത്തിയത്. പൊടിശല്യം രൂക്ഷമാകാതെ വെള്ളം തളിക്കുന്നത് ഉൾപ്പെടെ വിവിധ പ്രവർത്തനങ്ങളും ഫയർഫോഴ്സ് നടത്തി.

ആയുർവേദ, ഹോമിയോപ്പതി വകുപ്പുകളും സന്നിധാനം ഉൾപ്പെടെ ജില്ലയിലെ വിവിധ സ്ഥലങ്ങളിലായി തീർഥാടകർക്ക് സൗജന്യ ചികിത്സയും മരുന്നുകളും ലഭ്യമാക്കി. പ്രളയത്തിൽ നാശം സംഭവിച്ച ജില്ലയിലെ എല്ലാ റോഡുകളും ശബരിമല തീർഥാടനം തുടങ്ങുന്നതിന് മുൻപായി അറ്റകുറ്റപ്പണി നടത്തി നവീകരിക്കാൻ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കഴിഞ്ഞു. പ്രളയത്തെ തുടർന്ന് ളാഹയ്ക്കും പമ്പയ്ക്കും മധ്യേ മണ്ണിടിച്ചിൽ ഉ ായ

Sample output to test PDF Combine only

സ്ഥലങ്ങളിൽ എല്ലാം കെട്ടിയുയർത്തി റോഡ് ഗതാഗതയോഗ്യമാക്കുന്നതിനും കഴിഞ്ഞു. മണ്ഡല– മകരവിളക്ക് കാലത്ത് പ്രതിദിനം 65.70 ലക്ഷം ലിറ്റർ ജലം നിലയ്ക്കൽ ബേയ്സ് ക്യാമ്പിൽ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം വാട്ടർ അതോറിറ്റി സജ്ജമാക്കിയിരുന്നു. പമ്പ മുതൽ ശരംകുത്തി വരെ എട്ട് സംഭരണികളിലായി പ്രതിദിനം 68 ലക്ഷം ലിറ്റർ ജലം സംഭരിച്ച് ശുചീകരിച്ച് വാട്ടർ അതോറിറ്റി വിതരണം ചെയ്തു. ആഹാര സാധനങ്ങളുടെ വിലയിലും തൂക്കത്തിലും ചൂഷണമു ാകുന്നത് തടയുന്നതിന് പൊതുവിതരണ വകുപ്പിന്റെ ശക്തമായ നിരീക്ഷണത്തിലൂടെ നടന്നു. തീർഥാടകർക്ക് മികച്ച യാത്രാസൗകര്യം ഒരുക്കിയത് കെഎസ്ആർടിസിയാണ്. പമ്പയിൽ നിന്നും നിലയ്ക്കൽ നിന്നും സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിലേക്കും ഇതര സംസ്ഥാനങ്ങളിലേയ്ക്കും സർവീസ് കൃത്യമായി നടത്തി കെഎസ്ആർടിസി മാതൃകയായി. (പിഎൻപി 140/19)

## നിയമസഭാ സമിതി സിറ്റിംഗ്

സംസ്ഥാന നിയമസഭയുടെ പട്ടികജാതി പട്ടികവർഗ ക്ഷേമം സംബന്ധിച്ച സമിതി ഈ മാസം 18ന് രാവിലെ 10.30ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേരും. ജില്ല യിൽ നിന്നും സമിതിക്ക് ലഭിച്ചിട്ടുള്ള പരാതികളിന്മേൽ ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കും.

ജില്ലയിലെ പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്കും സംഘടനാ പ്രതിനിധികൾക്കും പരാതികളും നിർദേശങ്ങളും സമിതി മുമ്പാകെ നേരിട്ട് ബോധിപ്പിക്കാം.

(പിഎൻപി 142/19)

## നെൽകൃഷിയിറക്കി വീണാജോർജ് എം.എൽ.എ

പ്രസംഗങ്ങളും, വാക്ചാതുര്യങ്ങളും മാത്രമല്ല, മാതൃകാപരമായ പ്രവർത്തനങ്ങൾ തന്നെയാണ് വീണാജോർജ്ജ് എം.എൽ.എയെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തയാക്കുന്നത്. സത്യപ്രതിജ്ഞ ചെയ്തത് മുതൽ സർക്കാരിന്റെ ഹരിതകേരളമിഷന്റെ ഭാഗമായി ആറന്മുളയെ തരിശുരഹിതമാക്കുന്നതിനുള്ള ശ്രമത്തിലായിരുന്നു എംഎൽഎ. മണ്ഡലത്തിൽ തരിശായി കിടക്കുന്ന പാടങ്ങൾ ക ത്തി എംഎൽഎയുടെ നേതൃതവത്തിൽ കൃഷിയിറക്കി നൂറുമേനി വിളവ് കൊയ്തിരുന്നു. ഇപ്പോൾ സ്വന്തം പാടശേഖരത്തിലും കൃഷിയിറക്കിയിരിക്കുകയാണ് എംഎൽഎ. ഭർത്താവ് അഡ്വ.ജോർജ്ജ് ജോസഫിന്റെ കുടുംബസ്വത്തായ കൊടുമൺ അങ്ങാടിക്കലുള്ള ആറ് ഏക്കർ സ്ഥലത്താണ് നെൽകൃഷിയിറക്കിയത്. ഭാഗ്യ, ഉമ എന്നിങ്ങനെ ര ിനം നെല്ലാണ് ഇപ്പോൾ വിതച്ചിരിക്കുന്നത്. ഭർത്താവും മക്കളും പിൻതുണയുമായി ഒപ്പമു ന്നും, ഇനിയും കൃഷിയുമായി മുന്നോട്ട് പോകുമെന്നും വീണാജോർജ് എം.എൽ.എ പറഞ്ഞു. കുടുബാംഗങ്ങളുടെ സഹായത്തോടെയാണ് വിത്തിറക്കിയത്. 25 വർഷങ്ങൾക്ക് മുൻപ് ഇവിടെ നെൽകൃഷിയു ായിരുന്നു. പിന്നീട്, വാഴ, കപ്പ തുടങ്ങിയവ കൃഷിയിറക്കുന്നു ായിരുന്നുവെങ്കിലും നെൽകൃഷി നഷ്ടമായതിനെ തുടർന്ന് കാലാന്തരത്തിൽ കൃഷി അന്യം നിന്നു പോകുകയായിരുന്നു. ഇവിടങ്ങളിൽ പന്നിശല്യം രൂക്ഷമായിരുന്നുവെങ്കിലും വെല്ലുവിളികളെയെല്ലാം അതിജീവിച്ചാണ് ഇപ്പോൾ കൃഷിയിറക്കിയിരിക്കുന്നതെന്നും എം.എൽ.എ പറഞ്ഞു. (പിഎൻപി 143/19)

## പ്രകൃതിസൗഹൃദ തീർഥാടനമൊരുക്കി മിഷൻ ഗ്രീൻ ശബരിമല

ശബരിമല തീർഥാടനം പ്രകൃതിസൗഹൃദമായ രീതിയിൽ നടത്തി ജില്ലാ ഭരണകൂട ത്തിന്റെ മിഷൻ ഗ്രീൻ ശബരിമല പദ്ധതി. പൂങ്കാവനത്തിന്റെ നൈർമല്യം കാത്ത് പരിസ്ഥിതി സൗഹൃദ തീർത്ഥാടനമാണ് ശബരിമലയിലെത്തുന്ന ഭക്തർക്കായി ജില്ലാ ഭരണകൂടം ഒരുക്കിയിരുന്നത്. ജില്ലാ ഭരണകൂടവും ശുചിത്വമിഷനും ശബരിമല സാനിറ്റേഷൻ

Sample output to test PDF Combine only

സൊസൈറ്റിയും കുടുംബശ്രീയും ഒരുമിച്ച് പ്രവർത്തിച്ചപ്പോൾ മിഷൻ ഗ്രീൻ ശബരിമല ഇത്തവണയും വിജയം ക  ു. ബോധവത്ക്കരണം മുതൽ മാലിന്യ സംസ്കരണം വരെ എല്ലാ കാര്യങ്ങളും കൃത്യമായി ആസൂത്രണം ചെയ്ത് നടപ്പാക്കിയതാണ് പദ്ധതിയുടെ വിജയത്തിന്റെ അടിത്തറ.

പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിനായി കൃത്യമായ ബോധവൽക്കരണ പരിപാടികളാണ് ശുചിത്വമിഷന്റെ നേതൃത്വത്തിൽ നടത്തിയത്. നിലയ്ക്കലിലെത്തിയ തീർത്ഥാടകരിൽ നിന്നും പ്ലാസ്റ്റിക് ക്യാരിബാഗ് വാങ്ങുകയും പകരം സൗജന്യമായി തുണിസഞ്ചികൾ വിതരണം ചെയ്യുകയും ചെയ്തു. കൂടാതെ പമ്പയിൽ വസ്ത്രങ്ങൾ നിക്ഷേപിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിനായി പമ്പാ സ്നാനഘട്ടത്തിൽ ഗ്രീൻ ഗാർഡ്സ് എന്ന പേരിൽ മൂന്ന് ഷിഫ്റ്റുകളിലായി 18 ഗ്രീൻ ഗാർഡ്സുകളെ 24 മണിക്കൂറും സേവനം ലഭ്യമാക്കുന്ന തരത്തിനു ക്രമീകരിച്ചു. പമ്പയിലേയ്ക്ക് വസ്ത്രങ്ങൾ വലിച്ചെറിയുന്നത് ആചാരവിരുദ്ധമാണെന്നും ശബരിമലയും കാനനപാതയും പ്ലാസ്റ്റിക് മുക്തമായി സംരക്ഷിക്കണമെന്നുള്ള വിവിധ ഭാഷയിലുള്ള സന്ദേശവും ശബരിമലയിലെ വിശേഷദിവസങ്ങളും രേഖപ്പെടുത്തിയ പോക്കറ്റ് കാർഡുകൾ ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ തീർത്ഥാടകർക്ക് വിതരണം ചെയ്തു.

തീർത്ഥാടകരുടെ വാഹനങ്ങളിലും കെഎസ്ആർടിസി ബസുകളിലും ബോധവൽക്കരണ സ്റ്റിക്കറുകൾ കുടുംബശ്രീ പ്രവർത്തകർ, എൻഎസ്എസ് വോളന്റിയർമാർ, ശുചിത്വമിഷൻ വോളന്റിയർമാർ വഴി പതിപ്പിക്കുകയും ജില്ലയിലേയും സമീപ ജില്ലകളിലേയും പ്രധാന കേന്ദ്രങ്ങളിലും ശബരിമല ഇടത്താവളങ്ങളിലും ബോധവൽക്കരണ പോസ്റ്ററുകൾ, ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ, പമ്പ മറ്റ് കേന്ദ്രങ്ങൾ തുടങ്ങിയിടങ്ങളിൽ വീഡിയോ പ്രദർശനം നടത്തുകയും ചെയ്തു. പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനായുള്ള ബോക്സുകൾ പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ശുചിത്വമിഷൻ സ്ഥാപിച്ചിട്ടു  ്. ളാഹ മുതൽ പമ്പ വരെയും കണമല മുതൽ ളാഹ വരേയും വാഹനങ്ങളിൽ സഞ്ചരിക്കുന്ന തീർഥാടകർ അലക്ഷ്യമായി വലിച്ചെറിയുന്ന പ്ലാസ്റ്റിക് കുപ്പികളും മറ്റ് പ്ലാസ്റ്റിക് വസ്തുക്കളും വനംവകുപ്പിന്റെ എക്കോ ഗാർഡുകൾ വഴി ശേഖരിച്ച് ജില്ലാ ശുചിത്വമിഷന്റെ നേതൃത്വത്തിൽ പുനഃചക്രമണത്തിന് കൈമാറി. തമിഴ്നാട്ടിലെ അയ്യപ്പ സേവാ സംഘത്തിൽ നിന്നുള്ള 1000 പേർ അടങ്ങുന്നതാണ് വിശുദ്ധിസേന. ജില്ലാ കളക്ടർ പി.ബി.നൂഹ് നേതൃത്വം നൽകുന്ന ശബരിമല സാനിറ്റേഷൻ സൊസൈറ്റിയുടെ കീഴിലാണ് ഇവർ പൂങ്കാവനത്തെ ശുദ്ധീകരിക്കാൻ മുന്നിട്ടിറങ്ങിയത്. ഇവർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നത് ജില്ലാ ഭരണകൂടമാണ്. സന്നിധാനം-305, പമ്പ- 310, നിലയ്ക്കൽ- 350, പന്തളം- 25, കുളനട- 10 എന്നിങ്ങനെ വിശുദ്ധി സേനാംഗങ്ങളെ വിവിധ സെക്ടറുകളിലായാണ് വിന്യസിച്ചാണ് ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയത്. ഇത് പ്രവർത്തനങ്ങളെ വേഗത്തിലാക്കി. കൃത്യമായ അവലോകന യോഗങ്ങൾ നടത്തുകയും ഉദ്യോഗസ്ഥരെ ജീവനക്കാരുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും നിയോഗിക്കുകയും ചെയ്തത് ഭക്തജന തിരക്കിലും പൂങ്കാവനത്തെ മനോഹരമായി സംരക്ഷിക്കുന്നതിന് സാധിച്ചു. ശുചീകരണത്തിന് ഇറങ്ങുന്ന വിശുദ്ധി സേനാംഗങ്ങൾക്കും ജീവനക്കാർക്കും ആരോഗ്യവകുപ്പിന്റെ സേവനവും ഉറപ്പാക്കിയിട്ടു  ്. തീർഥാടന കാലയളവിന് ശേഷം പമ്പ, നിലയ്ക്കൽ, മറ്റു കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ എൻഎസ്എസ് വോളന്റിയർമാരുമായി ചേർന്ന് ശുചീകരണ പ്രവർത്തനങ്ങൾക്കും ശുചിത്വമിഷൻ നേതൃത്വം നൽകും. (പിഎൻപി 144/19)

## ഫോട്ടോ അടിക്കുറിപ്പ്

1) നെൽകൃഷിയിറക്കിയ സ്വന്തം പാടശേഖരത്തിൽ കുടുംബാംഗങ്ങൾക്കൊപ്പം വീണാ ജോർജ് എംഎൽഎ.

Sample output to test PDF Combine only




ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

Sample output to test PDF Combine only